**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 563** — **21-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഇ-സാക്ഷരത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റവന്യൂ ഇ-സാക്ഷരത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഇ സേവനങ്ങളെ കുറിച്ച് കൂടുതൽ അവബോധമുള്ളവരാക്കുക, വളരെ വേഗത്തിലും സുഗമമായും സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ ഇ – സേവനങ്ങൾ നേരിട്ട് ചെയ്യാൻ പൊതു ജനങ്ങളെ പ്രാപ്തരാക്കുക, സുതാര്യവും ലളിതവുമായ ഇ – സേവനങ്ങളിലൂടെ പൊതു ജനങ്ങളും സർക്കാരും തമ്മിലുള്ള ഇടപാടുകൾ ഫലപ്രദമായി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ റവന്യൂ ഇ-സാക്ഷരത പദ്ധതി 2023 ഏപ്രിൽ മാസം ആരംഭിച്ച് 2024 ഫെബ്രുവരി 24ന് റവന്യൂ ദിനത്തിൽ പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി വിവിധ ഘട്ടങ്ങളിലായി ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ/ഏജൻസികളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br><br>**ഒന്നാം ഘട്ടം**<br><br>റവന്യൂ വകുപ്പിൽ നിലവിൽ 19780 എണ്ണം ഉദ്യോഗസ്ഥർ ആണ് വിവിധ തസ്തികകളിലായി ജോലി ചെയ്തു വരുന്നത്. റവന്യൂ വകുപ്പിന്റെ വിവിധ തരത്തിലുള്ള പരിശീലനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്ന ഐ.എൽ.ഡി.എം എന്ന സ്ഥാപനം വഴി 2023ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ONLINE ആയും OFFLINE ആയും റവന്യൂ ഇ-സാക്ഷരതയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുവാനാണ് ആദ്യഘട്ടമെന്ന നിലയ്ക്ക് ഉദ്ദേശിക്കുന്നത്. ഇപ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങൾ നൽകുന്നത് വഴി അവരിലൂടെ കുടുബാംഗങ്ങൾ, അയൽക്കാർ, |

| | | | |
|---|---|---|---|
| | | | സുഹൃത്തുക്കൾ എന്നിവരെ ഈ പദ്ധതിയുടെ ഭാഗമാക്കാൻ കഴിയുന്നതാണ്.<br><br>**രണ്ടാം ഘട്ടം**<br><br>രണ്ടാം ഘട്ടത്തിൽ മാസ്റ്റർ ട്രെയിനിമാരുടെ പരിശീലനമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത എൻ.എസ്.എസ് വോളണ്ടിയർമാർ, കുടുബശ്രീ അംഗങ്ങൾ, വില്ലേജ്, താലൂക്ക് ജനകീയ സമിതി അംഗങ്ങൾ, സ്റ്റുഡന്റ് കേഡറ്റുമാർ, എൻ സി സി കേഡറ്റുമാർ, യൂത്ത് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായുള്ള വോളന്റിയർമാർ, വിവിധ സർവ്വീസ് സംഘടനാ അംഗങ്ങൾ എന്നിവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെയാണ് ജില്ലാ അടിസ്ഥാനത്തിൽ മാസ്റ്റർ ട്രെയിനികളാക്കുന്നത്. ഇതിനായി ഇവർക്ക് ഓൺ ലൈനിലൂടെ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>**മൂന്നാം ഘട്ടം**<br><br>മൂന്നാം ഘട്ടത്തിൽ – മാസ്റ്റർ ട്രെയിനർമാരെ ഉപയോഗിച്ച് കൊണ്ട് വാർഡ് തലത്തിലോ അല്ലെങ്കിൽ റസിഡൻഷ്യൽ അസോസിയേഷൻ തലത്തിലോ ഉള്ള പരിശീലനമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് FOLLOW UP പരിശീലനങ്ങളും എല്ലാ മാസവും സംഘടിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.<br><br>ഔട്ട്റീച്ച് പരിപാടികൾ (ഗൃഹ സന്ദർശനം, സർവ്വെ സഭയുടെ ഭാഗമായി, ഗ്രാമ സഭയുടെ ഭാഗമായി) കൂടി വിദ്യാർത്ഥികൾ അടക്കമുള്ള മാസ്റ്റർ ട്രെയിനർമാരുടെ സൗകര്യമനുസരിച്ച് ചെയ്യുവാൻ ആസൂത്രണം ചെയ്യുന്നുണ്ട്.<br><br>**നാലാം ഘട്ടം**<br><br>നാലാം ഘട്ടത്തിൽ സോഫ്റ്റ് വെയറിൽ പുതിയതായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് അറിവുള്ളവരാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ട്രെയിനികൾക്ക് സ്പെഷ്യൽ പരിശീലനങ്ങൾ നൽകുന്നതിനുമുള്ള പദ്ധതിയും തയ്യാറായി വരുന്നു. |
| (സി) | റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങൾ സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് അനായാസമായി ഉപയോഗപ്പെടുത്തുവാൻ അവരെ പ്രാപ്തരാക്കുംവിധമാണോ ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങൾ സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് അനായാസമായി സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യുവാൻ അവരെ പ്രാപ്തരാക്കുംവിധത്തിലാണ് റവന്യൂ ഇ-സാക്ഷരത |

| | | | |
|---|---|---|---|
| | | | പദ്ധതി ആസൂത്രണം ചെയ്തു വരുന്നത്. ഇതുവഴി സാധാരണക്കാരായ ആളുകൾക്ക് അവരുടെ ഭൂമിയുടെ കരം ഓൺലൈനായി നേരിട്ട് അടയ്ക്കുവാനും വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി തന്നെ സമർപ്പിക്കുവാനും ആയതിന്റെ തൽസ്ഥിതി പരിശോധിക്കുവാനും വകുപ്പ് നൽകുന്ന മുഴുവൻ ഓൺലൈൻ സേവനങ്ങളും മറ്റൊരാളുടെ ആശ്രയമില്ലാതെ തന്നെ പ്രയാജനപ്പെടുത്തുവാൻ പ്രാപ്തമാക്കി തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ